# കേരള സർവകലാശാല

നം. പി.ആർ.153/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### വാർത്ത വസ്തുത വിരുദ്ധം : വൈസ് ചാൻസലർ

കേരള സർവകലാശാല വൈസ് ചാൻസലറെ കാണാൻ എത്തിയ ഗവേഷക വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്തതുമായി ബന്ധപ്പെട്ട് പല പത്രമാധ്യമങ്ങളിലും വന്ന വാർത്ത വസ്തുത വിരുദ്ധമാണ്. ഗവേഷണ രംഗത്തെ പ്രശ്നങ്ങൾ ഉന്നയിക്കുന്ന നിവേദനവുമായി എത്തിയ വിദ്യാർത്ഥി പ്രതിനിധികളിൽ ഒരാളായ ഡിപ്പാർട്ട്മെന്റ്സ് യൂണിയൻ ചെയർമാൻ കെ. സ്റ്റാലിനുമായി അരമണിക്കൂറിലധികം ചർച്ച നടത്തിയ വൈസ് ചാൻസലർ നിവേദനം തുടർനടപടികൾക്കായി സർവകലാശാല രജിസ്ട്രാറിന് കൈമാറുകയാണ് ചെയ്തത്. നിവേദനത്തിലെ ഒരു പ്രധാന ആവശ്യം അഞ്ച് വർഷം കഴിഞ്ഞ ഗവേഷക വിദ്യാർത്ഥികൾക്ക് ഗവേഷണം തുടരുന്നതിന് നിലവിലുള്ള ഫീസ് 600 രൂപയിൽ നിന്ന് 1,70,000 രൂപയായി വർദ്ധിപ്പിച്ചത് കുറയ്ക്കുക എന്നുള്ളതാണ്. ഫീസ് വർദ്ധനവ് ഗവേഷണത്തിന് മുൻതൂക്കം കൊടുക്കുന്ന വിദ്യാർത്ഥികളെ സഹായിക്കാനായി സിൻഡിക്കേറ്റ് ഐക്യകണ്ഠേന തീരുമാനിച്ചതാണ് എന്നത് ഇവിടെ പ്രസക്തമാണ്.

അതേസമയം വൈസ് ചാൻസലറെ നേരിൽ കാണണമെന്ന് വാശിപിടിച്ച മറ്റ് വിദ്യാർത്ഥികളായ കെ. മനേഷ്, അജേഷ്, നജീബ് എന്നിവർ വൈസ് ചാൻസലറുടെ മുറിയിൽ അതിക്രമിച്ച് കയറുകയും അദ്ദേഹത്തെ ഭീഷണിപ്പെടുത്തുകയും അസഭ്യം പറയുകയും ചെയ്തു.

ഇപ്പോഴത്തെ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയായ ശ്രീ. കെ.എം. എബ്രഹാം കേരള സർവകലാശാല വൈസ് ചാൻസലറായിരുന്ന കാലം മുതൽ കാമ്പസുകളും ഹോസ്റ്റലുകളും കേന്ദ്രീകരിച്ച് നടന്ന വിവിധ അക്രമങ്ങളുടെ പേരിൽ നിലവിലുള്ള കേസുകൾ പിൻവലിക്കാൻ വൈസ് ചാൻസലർ തയ്യാറാകാത്തതാണ് ഇവരുടെ പെട്ടെന്നുള്ള പ്രകോപനത്തിന് കാരണം. ഇതിലൊരു കേസിൽപ്പെട്ട് അജേഷ് മൂന്നാഴ്ചയോളം ജയിലിൽ കിടന്നിട്ടുണ്ട്. കേസുകൾ പിൻവലിപ്പിക്കുകയെന്ന യഥാർത്ഥ ആവശ്യം മറച്ചുവച്ച് ഗവേഷക വിദ്യാർത്ഥികളുടെ പ്രശ്നത്തിൽ വൈസ് ചാൻസലറുടെ നിലപാടിനെ തെറ്റായ രൂപത്തിൽ അവതരിപ്പിച്ച് മാധ്യമങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണ് വിദ്യാർത്ഥി പ്രതിനിധികൾ ചെയ്തത്. സർവകലാശാല നടത്തിയ ഒരു പരിപാടിയിൽ മുൻ വിദ്യാർത്ഥി സിൻഡിക്കേറ്റംഗത്തിന്റെ ഫോട്ടോ വച്ചതിൽ പ്രതിഷേധിച്ച് വൈസ് ചാൻസലറുടെ ഓഫീസിൽ തള്ളിക്കയറി സർവകലാശാല ബ്രോഷർ വൈസ് ചാൻസലറുടെ മേശപ്പുറത്ത് അജേഷ് വലിച്ചെറിയുകയും സെനറ്റ് മെംബർഷിപ്പ് കാർഡ് വൈസ് ചാൻസലറുടെ നെഞ്ചിലേക്ക് മനേഷ് വലിച്ചെറിയുകയും ചെയ്തതിനും, കൂടാതെ ഐ.ക്യു.എ.സി-യുടെ യോഗം അലങ്കോലപ്പെടുത്തിയതിനും മനേഷ്, അജേഷ്, നജീബ് എന്നിവർക്കെതിരെ ക്രിമിനൽ കേസുകൾ നിലവിലുണ്ട്. ഇത്തരത്തിൽ ക്രിമിനലുകളെ പോലെ പെരുമാറുന്ന ഈ മൂന്ന് വിദ്യാർത്ഥികളോട് സംസാരിക്കാൻ താല്പര്യം ഇല്ലാത്തതുകൊണ്ടാണ് വൈസ് ചാൻസലർ വിശ്രമമുറിയിലേക്ക് പോയത്.

റിസർച്ച് സ്റ്റുഡന്റ്സ് യൂണിയന്റെ പ്രവർത്തനമേഖലയെപ്പറ്റി സർവകലാശാല നിയമത്തിൽ വ്യക്തമായിത്തന്നെ പറയുന്നുണ്ട്. ഈ സംഘടനകളുടെ

രക്ഷാധികാരി വൈസ് ചാൻസലറായിരിക്കെ, അദ്ദേഹത്തിന്റെ പേര് വച്ച് സംഘടന ലെറ്റർ ഹെഡ് അക്കാഡമിക് കാര്യങ്ങൾക്ക് അല്ലാതെ മറ്റ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നത് ചട്ടവിരുദ്ധമാണ്. സംഘടനകളുടെ യഥാർത്ഥ പ്രവർത്തന ലക്ഷ്യങ്ങളിൽ നിന്ന് അവരുടെ പ്രതിനിധികൾ വ്യതിചലിക്കുന്നവെന്നതിന്റെ പ്രധാന തെളിവാണ് ഇന്നലെ (ആഗസ്റ്റ് 18) നടന്ന സംഭവം.

## പി.ജി (സി.എസ്.എസ്) പ്രവേശനം

കേരള സർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിലെ പി.ജി (സി.എസ്.എസ്) പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള അഡ്മിഷൻ ആഗസ്റ്റ് 25 രാവിലെ 10 മണിയ്ക്ക് നടത്തും. അഡ്മിഷൻ മെമ്മോ ആഗസ്റ്റ് 20 രാവിലെ 10 മണി മുതൽ ഡൗൺലോഡ് ചെയ്യാം.

## സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം കെമിസ്ട്രി പഠനവകുപ്പിൽ എം.എസ്സി കെമിസ്ട്രി കോഴ്സിന് എസ്.ടി വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. താൽപര്യമുള്ളവർ ആഗസ്റ്റ് 23-ന് വകുപ്പുമായി ബന്ധപ്പെടുക. ഫോൺ. 0471-2308682.

കാര്യവട്ടം ഹിസ്റ്ററി പഠനവകുപ്പിൽ ഒന്നാം വർഷ എം.എ ഹിസ്റ്ററി (സി. എസ്.എസ്.) പ്രോഗ്രാമിൽ എസ്.സി. വിഭാഗത്തിൽ രണ്ട് സീറ്റുകൾ ഒഴിവുണ്ട്. താല്പര്യമുള്ളവർ അസൽ രേഖകളുമായി ആഗസ്റ്റ് 20 രാവിലെ 11 മണിക്ക് പഠനവകുപ്പിൽ ഹാജരാകണം. ഫോൺ 0471-2308839, 9446533386.

കാര്യവട്ടം ബയോടെക്നോളജി പഠനവകുപ്പിൽ എം.എസ്സി ബയോടെക്നോളജി കോഴ്സിന് എസ്.ടി വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യരായവർ എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ആഗസ്റ്റ് 25 വൈകുന്നേരം നാല് മണിക്കകം വകുപ്പിൽ ഹാജകാരണം. ഫോൺ. 0471-2308778.

കാര്യവട്ടം ഹിന്ദി പഠനവകുപ്പിൽ എം.എ ഹിന്ദി (2016-18) കോഴ്സിന് എസ്.ടി വിഭാഗത്തിൽ ഒന്നും എസ്.സി വിഭാഗത്തിൽ മൂന്നും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ആഗസ്റ്റ് 22 രാവിലെ 10.30-ന് വകുപ്പിൽ ഹാജരാകണം.

കാര്യവട്ടം കമ്പ്യൂട്ടേഷണൽ ബയോളജി ആൻഡ് ബയോ ഇൻഫർമാറ്റിക്സ് പഠനവകുപ്പിൽ എം.എസ്സി കമ്പ്യൂട്ടേഷണൽ ബയോളജി പ്രോഗ്രാമിൽ എസ്.സി വിഭാഗത്തിൽ രണ്ട് സീറ്റൊഴിവുണ്ട്. താൽപര്യമുള്ളവർ ആഗസ്റ്റ് 20 രാവിലെ 11 മണിക്കകം അസ്സൽ രേഖകളുമായി വകുപ്പിൽ ഹാജരാകണം. ഫോൺ. 9020216730, 0471-3216730.

കാര്യവട്ടം ഗണിതശാസ്ത്ര പഠനവകുപ്പിൽ എസ്.സി/എസ്.ടി വിഭാഗത്തിൽ മൂന്ന് സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും 750/- രൂപ ഫീസുമായി ആഗസ്റ്റ് 22 രാവിലെ 10.30-ന് വകുപ്പിൽ ഹാജരാകണം.

## എം.എ ഇക്കണോമിക്സ് ഫലം : വന്ദന ഒന്നാം റാങ്ക് നേടി

കേരള സർവകലാശാല കാര്യവട്ടം ഇക്കണോമിക്സ് പഠനവകുപ്പിൽ എം.എ ഇക്കണോമിക്സ് (2014-16 - സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വന്ദന എസ് (രജി.നം ഇ.സി.ഒ 140502) ഒന്നാം റാങ്ക് നേടി.

## ഓവർസിയർ നിയമനം : നിയമന നടപടികൾ റദ്ദ് ചെയ്തു

കേരള സർവകലാശാല 2007-ൽ (നോട്ടിഫിക്കേഷൻ നം.എ.ഡി.ഡി.II 11610/96, തീയതി 19.01.2007) പത്രക്കുറിപ്പിലൂടെ എൻജിനീയറിംഗ് വകുപ്പിൽ സ്ഥിരനിയമനാടിസ്ഥാനത്തിൽ ഓവർസിയർ ഗ്രേഡ് II (ഇലക്ട്രിക്കൽ) അപേക്ഷ ക്ഷണിച്ചിരുന്നതും, എന്നാൽ പ്രസ്തുത നിയമനവുമായി മുന്നോട്ട് പോകേണ്ടതില്ല എന്ന് സർവകലാശാല തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിയമന നടപടികൾ റദ്ദ് ചെയ്ത് സർവകലാശാല ഉത്തരവായി. ഇതുസംബന്ധിച്ച സർവകലാശാല ഉത്തരവ് വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഐ.ബി.പി.എസ് പരീക്ഷ (പ്രിലിമിനറി) സൗജന്യ പരിശീലനം

ഐ.ബി.പി.എസ് രാജ്യമൊട്ടാകെയുള്ള 20 ബാങ്കുകളിലേക്കായി പ്രൊബേഷണറി/ മാനേജ്മെന്റ് തസ്തികളിലേക്കായി നടത്തുന്ന പ്രാഥമിക പരിക്ഷയ്ക്ക് ഉദ്യോഗാർത്ഥികളെ സജ്ജമാക്കുന്നതിനായി പി.എം.ജി ജംഗ്ഷനിലെ കേരള സർവകലാശാല സ്റ്റുഡന്റ് സെന്ററിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ സെപ്റ്റംബർ ആദ്യവാരം മുതൽ സൗജന്യ പരീക്ഷാ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ എത്രയും വേഗം പേര് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുമായി ബന്ധപ്പെടുക. ഫോൺ 0471-2304577.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
19.08.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ